"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് വർക്കർ - മരണപ്പെട്ട പി എ സേവ്യറിന്റെ മകൻ ശ്രീ. സിനു സേവ്യർ - കണ്ടിൻജന്റ് വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ബഹു കേരള ഹൈക്കോടതിയുടെ WP(C).No.28455/2019 ഹർജിയിൽ 09/03/2020 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.2/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2021

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.
2. ശ്രീ. സിനു സേവ്യർ സമർപ്പിച്ച 08.08.2017 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 07.03.2020 തീയതിയിലെ ഇ4-23114/2019 നമ്പർ കത്ത്.
4. സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.
5. എറണാകുളം ജില്ലാ കളക്ടറുടെ DCEKM/9323/2020-E5 നമ്പർ കത്ത്.
6. ബഹു കേരള ഹൈക്കോടതിയുടെ WP(C).No.28455/2019 ഹർജിയിൽ 09.03.2020 തീയതിയിലെ വിധിന്യായം .

ഉത്തരവ്

കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 04.03.2008 തീയതിയിൽ മരണപ്പെട്ട പി എ സേവ്യറിന്റെ മകൻ ശ്രീ. സിനു സേവ്യർ തനിക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ കേസ്സ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായം ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു .

'Therefore the writ petition is disposed of directing the 3rd respondent to consider Ext.P3 application (as corrected / modified ) submitted by the petitioner on Compassionate Employment, within a period of two months from the date of receipt of a copy of judgement. The Corporation shall take necessary follow up action depending upon the orders to be passed by the Government.'

അതിൻ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ശ്രീ. സിനു സേവ്യർ അപേക്ഷ സമർപ്പിച്ചിരുന്നു. പി എ സേവ്യറിന്റെ സേവനകാലം 10 വർഷവും 5 മാസവും 23 ദിവസവുമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 16.07.1964 , 08.09.1997 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷകൻ 9-ാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. ടിയാന്റെ ജനനതീയതി 20.11.1998 ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും എറണാകുളം ജില്ലാ കളക്ടറും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയും വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകൻ അവിവാഹിതനാണ്.പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. സിനു സേവ്യറിന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 24,000/-

രൂപയാണെന്ന് (ഇരുപത്തിനാലായിരം രൂപ മാത്രം) പള്ളുരുത്തി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സംരക്ഷണ സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 04.03.2008 തീയതിയിൽ മരണപ്പെട്ട പി എ സേവ്യറിന്റെ മകൻ ശ്രീ. സിനു സേവ്യറിന് കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ നിലവിലുള്ളതോ / ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

6. ബഹു. കേരള ഹൈക്കോടതിയുടെ WP(C).No.28455/2019 ഹർജിയിന്മേലുള്ള 09.03.2020 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

<u>പകർപ്പ്</u>
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ ,കേരള(ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കൊച്ചി കോർപ്പറേഷൻ
ജില്ലാ കളക്ടർ , എറണാകുളം.
ശ്രീ. സിനു സേവ്യർ,പാട്ടത്തിപ്പറമ്പ് ഹൗസ് , 20/909 , പള്ളുരുത്തി കൊച്ചി,682062എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി(EU4/60/2020-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ